കേന്ദ്ര ആസൂത്രണ ബോർഡിന്റെ ശിപാർശകൾ

236 (7799) ശ്രീ. എ. കെ. ശശീന്ദ്രൻ :

ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കാനായി കേന്ദ്ര ആസൂത്രണ ബോർഡ് നിയോഗിച്ച സബ്കമ്മിറ്റിയുടെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) കേന്ദ്ര ആസൂത്രണബോർഡ് നിയോഗിച്ച സബ്കമ്മിറ്റി ശുപാർശകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്താമോ ;

(സി) ഈ ശുപാർശകൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ ;

(ഡി) കെ.എസ്.ആർ.ടി.സി.-ക്ക് നൽകുന്ന ഡീസൽ, ബസ്സ് ഷാസി, സ്പെയർപാർട്സ്, ടയർ എന്നിവയ്ക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈടാക്കുന്ന എക്സൈസ്, വിൽപ്പന നികുതികൾ ഒഴിവാക്കുകയോ നാമമാത്രമാക്കുകയോ വേണമെന്ന പ്ലാനിംഗ് കമ്മീഷന്റെ ശുപാർശകൾ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) കേന്ദ്ര ആസൂത്രണ കമ്മീഷൻ സ്റ്റേറ്റ് ട്രാൻസ്പോർട്ട് അണ്ടർടേക്കിംഗുകളെ സംരക്ഷിക്കുന്നതിന് പ്രഖ്യാപിച്ചതായി പറയുന്ന ശിപാർശകളെ സംബന്ധിച്ച വിവരങ്ങളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ

237 (7800) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പുതിയ ഒരു കമ്പനി കെ.എസ്.ആർ.ടി.സി.ക്കുകീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദവിവരങ്ങൾ നൽകാമോ ;

(ബി) പ്രസ്തുത കമ്പനി രൂപീകരിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ഇതിന്റെ പ്രാരംഭ നടപടികൾ ഏതുവരെയായി എന്ന് അറിയിക്കുമോ ;

(ഡി) നിലവിൽ ജൻറം ബസ്സുകൾ ലാഭത്തിലാണോ സർവ്വീസുകൾ നടത്തിവരുന്നത് ; ഇല്ലെങ്കിൽ വിശദവിവരം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ എന്ന പുതിയ ഒരു കമ്പനി കെ.എസ്.ആർ.ടി.സി.-ക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ 5-7-2014-ലെ GO. (Ms) No. 50/2014/Tran എന്ന സർക്കാർ ഉത്തരവ് പ്രകാരം ജൻറം സ്കീമിൽ ലഭ്യമാകുന്ന ബസ്സുകളുടെ നടത്തിപ്പിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) കേരള അർബൻ ട്രാൻസ്പോർട്ട് കോർപ്പറേഷൻ രൂപീകരിക്കാൻ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഭീമമായ ചെലവ് ഒഴിവാക്കിയാൽ ജൻറം ബസ്സുകൾ ലാഭത്തിലാണ് സർവ്വീസുകൾ നടത്തിവരുന്നത്.

കെ.എസ്.ആർ.ടി.സി.-യുടെ സൂപ്പർക്ലാസ് സർവ്വീസുകൾ

238 (7801) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. സൂപ്പർ ക്ലാസ് സർവ്വീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്ര സർവ്വീസുകൾ ഏതെല്ലാം റൂട്ടുകളിലെന്നും എത്ര ബസ്സുകൾ ഇതിനായി ക്രമീകരിക്കുമെന്നും അറിയിക്കുമോ ;

(സി) ഇത്തരം സർവ്വീസുകളിൽ എന്തെല്ലാം അധിക സൗകര്യങ്ങളാണ് യാത്രക്കാർക്കായി ഒരുക്കാനുദ്ദേശിക്കുന്നത് ;

(ഡി) ഈ ബസ്സുകളിൽ യാത്രക്കാർക്ക് എത്ര ശതമാനം ഫെയറാണ് അധികമായി നൽകേണ്ടിവരികയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 150 സൂപ്പർ ഡീലക്സ് സർവ്വീസുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ഇത്തരം സർവ്വീസുകൾ നടത്തുവാൻ ഏറ്റവും അനുയോജ്യമായ റൂട്ടുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയായി ബസ്സുകൾ നിർമ്മിച്ച് ഇറക്കുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നതാണ്.

(സി) സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിനായി എയർ സസ്പെൻഷൻ ഉള്ള ഷാസികൾ പുഷ്ബാക്ക് സീറ്റുകൾ, ടിന്റഡ് ഗ്ലാസുകളോടു കൂടിയ സൈഡ് വിൻഡോകൾ കൂടാതെ മൊബൈൽ/ലാപ്ടോപ്പ് ചാർജർ സംവിധാനം എന്നീ സൗകര്യങ്ങളാണ് ഈ ബസ്സുകളിൽ ഒരുക്കാനുദ്ദേശിക്കുന്നത്.

(ഡി) നിലവിലുള്ള നിരക്കുകൾ നൽകിയാൽ മതിയാകും.

LIBRARY ARCHIVES Kerala Legislative Assembly